(ബി) ഏതെല്ലാം വിഭാഗങ്ങളെ മുഴുവനായി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മൊത്തം എത്ര കുടുംബങ്ങളിൽ ഇതിനായി സർവ്വേ നടത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ച പട്ടിക അനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ 43.38 ശതമാനം കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ 37.19 ശതമാനം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവരാണ്.

(ബി) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ഒഴിവാക്കൽ മാനദണ്ഡ പ്രകാരം ദാരിദ്ര്യ കുടുംബങ്ങളായി പരിഗണിക്കാൻ അർഹത ഇല്ലാത്ത കുടുംബങ്ങൾ ഒഴികെയുള്ള കുടുംബങ്ങൾ) കുടുംബങ്ങളിലെ എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങളേയും ദാരിദ്ര്യരേഖ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ ദാരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ഒഴിവാക്കൽ മാനദണ്ഡ പ്രകാരം ദാരിദ്ര കുടുംബങ്ങളായി പരിഗണിക്കാൻ അർഹത ഇല്ലാത്ത കുടുംബങ്ങൾ ഒഴികെയുള്ള കുടുംബങ്ങൾ) എല്ലാ കുടുംബങ്ങളേയും ദാരിദ്രരേഖ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 76,12,343 കുടുംബങ്ങളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്.

ബി.പി.എൽ. പട്ടിക

177 (1647) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. പട്ടിക ഏതു വർഷത്തിൽ പ്രസിദ്ധീകരിച്ചതാണ് ; അതിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത് എന്നു വ്യക്തമാക്കാമോ ;

(ബി) പുതുതായി ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പുതിയ പട്ടികയനുസരിച്ച് സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് എത്ര കുടുംബങ്ങളാണ് സംസ്ഥാനത്ത് ഉള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ. ലിസ്റ്റ് 2000-ൽ പ്രസിദ്ധീകരിച്ചതാണ്. അതിൽ 17.23 ലക്ഷം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 2011 ഫെബ്രുവരി മാസത്തിൽ പുതിയ ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടിക അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ 27.93 ലക്ഷം കുടുംബങ്ങളും നഗര പ്രദേശങ്ങളിൽ 4.37 ലക്ഷം കുടുംബങ്ങളുമാണ് വരുന്നത്.

(ഡി) ബി.പി.എൽ സർവ്വേ സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം 10.25 ലക്ഷം ആയിരുന്നു.

ആലുവ മണ്ഡലത്തിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം

178 (1648) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയനുസരിച്ച് ആലുവ നിയോജകമണ്ഡലത്തിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തുകൾ. തിരിച്ചും ആലുവ, കളമശ്ശേരി, ഏലൂർ നഗരസഭകൾ തിരിച്ചും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നേരത്തേ നിലവിലുണ്ടായിരുന്ന ലിസ്റ്റ് പ്രകാരം ഈ എണ്ണം എത്ര വീതം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതുതായി പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയനുസരിച്ചും നേരത്തെ നിലവിലുണ്ടായിരുന്ന ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ചുമുള്ള കണക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു.

നിയോജക മണ്ഡലം	മുനിസിപ്പാലിറ്റി/ പഞ്ചായത്ത്	(എ) പുതുതായി പ്രസിദ്ധീകരിച്ച ബി.പി.എൽ.ലിസ്റ്റ് പ്രകാരം ഉള്ള ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം	(ബി)
	ആലുവ മുൻസിപ്പാലിറ്റി	743	നഗരപ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന ലിസ്റ്റ് പ്രകാരമുള്ള കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.
	കളമശ്ശേരി മുനിസിപ്പാലിറ്റി	3958	
	ഏലൂർ മുനിസിപ്പാലിറ്റി	2327	

LIBRARY ARCHIVES Kerala Legislative Assembly